**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 373** **02-07-2024 - ൽ മറുപടിയ്ക്ക്**

**വനശ്രീ വിഭവങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും ഓൺലൈൻ വിപണനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. എ. രാജ,<br>ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനാശ്രിത സമൂഹത്തിന്റെ ഉന്നമനം ലക്ഷ്യമിട്ട് വന ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ആരംഭിച്ച വനശ്രീ കേന്ദ്രങ്ങൾ കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | വനശ്രീ ഔട്ട് ലെറ്റുകൾ ശാക്തീകരിക്കുന്നതിനായി എല്ലാ വനശ്രീ യൂണിറ്റുകളിലും ഓൺലൈൻ പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വനശ്രീ ഔട്ട് ലെറ്റുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് റീട്ടെയിലിംഗിലും ഉപഭോക്തൃ സേവനത്തിലും തുടർ പരിശീലനം നൽകി വരുന്നു.<br><br>MSP ഫോർ MFP (കേന്ദ്ര പദ്ധതി) ഫണ്ട് ഉപയോഗപ്പെടുത്തി, വിവിധ വനശ്രീ ഔട്ട് ലെറ്റുകൾ നവീകരിക്കുകയും വന വിഭവ സംഭരണ കേന്ദ്രങ്ങൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര പദ്ധതിയായ വൻധൻ വികാസ് കേന്ദ്രങ്ങൾ (VDVK) വഴി വിവിധ വന വിഭവങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമിക്കുകയും അവ വനശ്രീ വഴി വിപണനം നടത്തിയും വരുന്നു.<br><br>വനശ്രീ ഉൽപ്പന്നങ്ങളുടെ വിപണനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി, കേരള വനം വകുപ്പ് രണ്ട് പുതിയ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ആരംഭിച്ചു. vanasree.in വെബ് സൈറ്റ് മുഖേന വിവിധ വന വിഭവങ്ങളും, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും, രാജ്യത്തെവിടെയും ലഭ്യമാണ്. ഇന്ത്യ പോസ്റ്റുവഴി ഓൺലൈൻ ഓർഡറനുസരിച്ച് ആവശ്യക്കാർക്ക് കൃത്യമായി ഉൽപ്പന്നങ്ങൾ എത്തിച്ചു കൊടുക്കുന്നു. കൂടാതെ ONDC ഓൺലൈൻ പ്ലാറ്റ്ഫോം വഴിയും വനശ്രീ ഉൽപ്പനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി വഴി വനാശ്രിത സമൂഹത്തിന്റെ ഉപജീവന മാർഗ്ഗങ്ങൾ മെച്ചപ്പെടുത്താനായിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | വനശ്രീ സംരംഭത്തിലൂടെ വനാശ്രിത സമൂഹങ്ങളുടെ ജീവിതസാഹചര്യങ്ങൾ പല തരത്തിൽ മെച്ചപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. NTFP ഉൽപ്പന്നങ്ങളുടെ ശേഖരണം, അവയുടെ |

| | | | |
|---|---|---|---|
| | | | മൂല്യവർദ്ധനവും വിൽപ്പനയും അവർക്ക് ഒരു സ്ഥിര വരുമാന മാർഗ്ഗമായി മാറിയിട്ടുണ്ട്. ഇടനിലക്കാരെ ഒഴിവാക്കി അവർ ശേഖരിക്കുന്ന വന വിഭവങ്ങൾ നേരിട്ട് വനം വകുപ്പിന് വിൽക്കാനുള്ള അവസരം വനശ്രീ ഒരുക്കുന്നു.വന ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നവർ വാർഷിക ബോണസിനും അർഹരാണ്. കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ വൻ ധൻ വികാസ് കേന്ദ്ര (VDVK) യിലൂടെ വനാശ്രിത സമൂഹങ്ങൾക്ക് വിവിധ വന ഉൽപ്പന്നങ്ങൾ മൂല്യ വർദ്ധനവ് നടത്തി വില്പന നടത്താൻ അവസരമൊരുക്കിയിട്ടുണ്ട്. അവരെ സംരംഭകരാക്കുന്നതിന് വേണ്ട സാമ്പത്തിക-സാങ്കേതിക സഹായവും ഈ പദ്ധതി വഴി നൽകുന്നുണ്ട്. വന ഉൽപ്പന്നങ്ങളുടെ സുസ്ഥിരമായ ശേഖരണം, അവയുടെ മൂല്യവർദ്ധനം എന്നിവയ്ക്കുള്ള ശാസ്ത്ര-സാങ്കേതിക പരിശീലനങ്ങൾ വനാശ്രിത സമൂഹങ്ങൾക്ക് നൽകി വരുന്നു. വന ഉൽപ്പനങ്ങളുടെ മൂല്യവർദ്ധനം, സംസ്കരണം തുടങ്ങിയ ജോലികൾക്കു പുറമെ വനശ്രീ ഔട്ട് ലെറ്റുകളിലും വനാശ്രിത സമൂഹങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നു. ഇതിലൂടെയെല്ലാം ഒരു സ്ഥിരവരുമാനം ലഭിക്കുന്നതിനും അതുവഴി മെച്ചപ്പെട്ട ജീവിതം കെട്ടിപ്പടുക്കാനും അവർക്കു സാധിക്കുന്നുണ്ട്. |
| (സി) | വനശ്രീ വിഭവങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും ഓൺലൈൻ വിപണനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (സി) | വനശ്രീ ഉൽപ്പന്നങ്ങളുടെ വിപണനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കേരള വനം വകുപ്പ് രണ്ടു പുതിയ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ആരംഭിച്ചിട്ടുണ്ട്. ഇത്തരം നവീന പ്ലാറ്റ്ഫോമുകളിലൂടെ ഉപയോക്താക്കൾക്ക് വനശ്രീ ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുന്നു.vanasree.in വെബ് സൈറ്റ് മുഖേന തേൻ, കുന്തിരിക്കം, ഏലം, ഇഞ്ചി, കുരുമുളക്, മഞ്ഞൾ തുടങ്ങിയ വിവിധ വന വിഭവങ്ങളും ബീ വാക്സ് സോപ്പ് , ലിപ്പ് ബാം തുടങ്ങിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ചന്ദനത്തൈലം , ചന്ദനപ്പൊടി തുടങ്ങിയ മറ്റ് ഉൽപ്പന്നങ്ങളും രാജ്യത്ത് എവിടെയും ലഭ്യമാണ്. ഇന്ത്യ പോസ്റ്റ് വഴി ഓൺലൈൻ ഓർഡർ അനുസരിച്ച് ആവശ്യക്കാർക്ക് കൃത്യമായി ഉൽപ്പന്നങ്ങൾ എത്തിച്ചു കൊടുക്കുന്നു. കൂടാതെ ONDC ഓൺലൈൻ പ്ലാറ്റ്ഫോം വഴിയും വനശ്രീ ഉൽപ്പന്നങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി മുഖേന എത്ര പേർക്ക് തൊഴിൽ നൽകുന്നതിന് സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | വനശ്രീ പദ്ധതിയിലൂടെ സംസ്ഥാനത്ത് 50,000-ത്തിലധികം ആദിവാസികൾക്ക് വനവിഭവങ്ങൾ ശേഖരിക്കുന്നതിലൂടെ തങ്ങളുടെ ഉപജീവന മാർഗ്ഗം കണ്ടെത്തുവാൻ സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ